# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2442 | 06.12.2018 - ൽ മറുപടിക്ക് |

## ചരക്ക് സേവന നികുതിയിലെ കോമ്പൗണ്ടിംഗ് സമ്പ്രദായം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. ചിറ്റയം ഗോപകുമാർ<br>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. കെ. രാജൻ<br>ശ്രീ. വി.ആർ. സുനിൽ കുമാർ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി. സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | വ്യത്യസ്തങ്ങളായ പരോക്ഷ നികുതികൾ പിരിച്ചെടുക്കുന്നതിലുള്ള സങ്കീർണ്ണത ഒഴിവാകുന്നതിന് വേണ്ടിയാണ് നിലവിലുണ്ടായിരുന്ന പരോക്ഷ നികുതി നിയമങ്ങൾ ലയിപ്പിച്ച് ജി.എസ്.ടി. എന്ന ഏകീകൃത നികുതി നിയമം രാജ്യമൊട്ടാകെ 01.07.2017 മുതൽ നടപ്പിലാക്കിയത്. ഇതുമൂലം നികുതി ഏകീകരണവും നികുതിയ്ക്ക് മേലുള്ള നികുതി പൂർണ്ണമായും ഒഴിവാക്കപ്പെടുകയും ചെയ്തു. ചരക്കുസേവനനികുതി നിയമപ്രകാരം അന്തർസംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതാണ്. ജി.എസ്.ടി. നിയമം നടപ്പിലായതിനുശേഷം സോഫ്റ്റ്‌വെയർ സംവിധാനം പ്രവർത്തനക്ഷമമാകുന്നതിന് കാലതാമസം ഉണ്ടായി. കൂടാതെ ജി.എസ്.ടി.യ്ക്ക് മുമ്പ് ഉയർന്ന നികുതിയുള്ള ചരക്കുകൾക്ക് നിലവിലുണ്ടായിരുന്ന നികുതിയേക്കാൾ കുറഞ്ഞ നികുതി നിരക്ക് നിശ്ചയിച്ചതും സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചു. ജി.എസ്.ടി. നിലവിൽ വരുമ്പോൾ ചെക്ക്പോസ്റ്റ് സംവിധാനം പൂർണ്ണമായും ഇല്ലാതായി. എന്നാൽ ഇതിനുപകരമായുള്ള ഇ-വേ ബിൽ സംവിധാനം 01.04.2018 മുതലാണ് |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് നടപ്പാക്കിയത്. ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം നൽകുന്നുണ്ട്. കേരളത്തിന്റെ നികുതി വരുമാനം വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ചരക്ക് സേവന നികുതിയിലെ കോമ്പൗണ്ടിംഗ് സമ്പ്രദായത്തെക്കുറിച്ച് വിശദമാക്കുമോ; | (ബി) | 15/11/2017 ലെ എസ്.ആർ.ഒ. നം. 736/2017 പ്രകാരം, മുൻ സാമ്പത്തിക വർഷത്തെ മൊത്തം ടേണോവർ ഒരു കോടി വരെയുള്ള ചെറുകിട നികുതിദായകർ കോമ്പോസിഷൻ സ്കീമിനർഹരാണ്. ഈ സ്കീം പ്രകാരം ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം ഇല്ലാതെ നികുതിദായകന് ടേണോവറിന്റെ ഒരു നിശ്ചിത ശതമാനം നികുതിയടയ്ക്കാം. ഇത് പ്രകാരം, ഉല്പാദകരുടെ ജി.എസ്.ടി നികുതിനിരക്ക് 2%-ഉം വ്യാപാരികൾക്ക് 1%ഉം ആയിരുന്നത് 27/01/2018 ലെ എസ്.ആർ.ഒ. നം.49/2018 പ്രകാരം ഉല്പാദകർക്കും വ്യാപാരികൾക്കും നികുതിവിധേയ ടേണോവറിന്റെ 1% ആയി നിജപ്പെടുത്തിയിട്ടുണ്ട്. സേവനങ്ങളെ പൊതുവെ കോമ്പോസിഷൻ രീതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടെങ്കിലും ഹോട്ടലുകൾക്ക് 5% നികുതിനിരക്കിൽ കോമ്പോസിഷൻ സ്കീം അനുവദനീയമാണ്. ഇത്തരം നികുതിദായകർക്ക് ഉപഭോക്താക്കളിൽ നിന്നും നികുതി പിരിക്കാൻ അധികാരമില്ല.<br><br>ജി.എസ്.ടി കൗൺസിൽ തീരുമാനപ്രകാരം, കോമ്പോസിഷൻ പദ്ധതി തിരഞ്ഞെടുക്കുന്നതിനുള്ള വിറ്റുവരവിന്റെ നിയമപരമായ പരിധി ഒന്നരക്കോടി രൂപയായി ഉയർത്തുന്നതിനുള്ള ഭേദഗതി ബില്ല് സഭയുടെ പരിഗണനയിലാണ്. കൂടാതെ, നിലവിൽ ചരക്കുകളോടൊപ്പം |

| | | | |
|---|---|---|---|
| | | | സേവനങ്ങൾ നൽകുന്ന നികുതിദായകർക്ക് കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കാൻ കഴിയാത്തത് പരിഗണിച്ച് പുതിയ ഭേദഗതി ബില്ലിൽ കഴിഞ്ഞ സാമ്പത്തികവർഷത്തിൽ വിറ്റുവരവിന്റെ 10% അധികരിക്കാത്ത മൂല്യത്തിലോ അല്ലെങ്കിൽ 5 ലക്ഷം രൂപയ്ക്കോ ഇവയിലേതാണോ കൂടുതലുള്ള സേവനങ്ങൾ നൽകുന്നവർക്ക് ഈ സ്കീം തെരഞ്ഞെടുക്കാൻ അനുമതി നൽകുന്നുണ്ട്.<br><br>പൊതുവായി അഞ്ചു വിഭാഗത്തിൽപ്പെട്ട രജിസ്റ്റേഡ് വ്യക്തികൾക്ക് കോമ്പോസിഷൻ സ്കീം തിരഞ്ഞെടുക്കാൻ കഴിയില്ല.<br><br>i. റസ്റ്റോറന്റ് സേവനങ്ങളൊഴികെ മറ്റു സേവനങ്ങൾ നൽകുന്ന വിതരണക്കാർ<br><br>ii. ജി.എസ്.ടി നിയമപ്രകാരം, നികുതി ചുമത്താത്ത സാധനങ്ങളുടെ വിതരണക്കാരൻ<br><br>iii. സംസ്ഥാനാന്തര സാധനങ്ങളുടെ വിതരണക്കാരൻ<br><br>iv. ഇ-കോമേഴ്സ് ഓപ്പറേറ്റർ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വിതരണക്കാരൻ<br><br>v. വിജ്ഞാപനം ചെയ്ത ചില സാധനങ്ങളുടെ ഉല്പാദകൻ. |
| (സി) | ചരക്ക് സേവന നികുതിയുടെ കോമ്പൗണ്ടിംഗ് പരിധി ഉയർത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉയർത്തിയിട്ടുണ്ട്. 15/11/2017 ലെ എസ്.ആർ.ഒ. നം. 736/2017 പ്രകാരം, മുൻ സാമ്പത്തിക വർഷത്തെ മൊത്തം ടേണോവർ ഒരു കോടി വരെയുള്ള ചെറുകിട നികുതിദായകർ കോമ്പോസിഷൻ സ്കീമിനർഹരാണ്. ജി.എസ്.ടി കൗൺസിൽ തീരുമാനപ്രകാരം, കോമ്പോസിഷൻ |

| | | | |
|---|---|---|---|
| | | | പദ്ധതി തിരഞ്ഞെടുക്കുന്നതിനുള്ള വിറ്റുവരവിന്റെ നിയമപരമായ പരിധി ഒന്നരക്കോടി രൂപയായി ഉയർത്തുന്നതിനുള്ള ഭേദഗതി ബില്ല് സഭയുടെ പരിഗണനയിലാണ്. |
| (ഡി) | കോമ്പൗണ്ടിംഗ് പരിധി ഉയർത്തിയത് ജനങ്ങൾക്ക് ഏത് തരത്തിൽ ഉപകാരപ്രദമാകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | ചെറുകിട വ്യാപാരികൾക്ക് ലളിതമായ നടപടിക്രമങ്ങൾ വിഭാവനം ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ് കോമ്പോസിഷൻ സംവിധാനം നടപ്പിലാക്കിയിട്ടുള്ളത്. കോമ്പോസിഷൻ സ്കീമിൽ കുറഞ്ഞ നികുതി നിശ്ചയിച്ചിരിക്കുന്നതുമൂലം ചരക്കുകളും സേവനങ്ങളും കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാകുവാൻ സഹായിക്കും. |

**സെക്ഷൻ ഓഫീസർ**